പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 891 05.03.2018-ൽ മറുപടിക്ക്

## നേമം നിയോജക മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. രാജഗോപാൽ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിൽ 2007 -2008 മുതൽ പൊതു മരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) 2007-2008 മുതൽ നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ ചുവടെ ചേർക്കുകയാണ്.<br>1. കല്ലടി മുഖം പാലം.<br>2. മധുപാലം- കരുമം- തിരുവല്ലം റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം.<br>3. പള്ളത്തുകടവ് പാലം<br>4. മുടവൻമുഗൾ പാലം.<br>5. പനത്തുറ പാലം<br>6. തിരുവല്ലം - ഇടയാർ പാലം<br>7. കീഴാറന്നൂർ പാലം<br>8. മാങ്ങോട്ടുകടവ് സ്റ്റീൽ പാലം. |
| (ബി). പ്രസ്തുത പാലങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ? | (ബി). മേൽപ്പറഞ്ഞ പാലം പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദീകരണം ചുവടെ ചേർക്കുന്നു.<br>**1. <u>കല്ലടി മുഖം പാലം.</u>** കിള്ളിയാറിന് കുറുകെ തിരുവല്ലം- കൊഞ്ചിറവിള റോഡും കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം. ഈ പദ്ധതിയ്ക്ക് 14.07.2009-ലെ G.O(Rt)No. 1044/2009/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റിക്വിസിഷൻ 05.06.2010-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 22.12.2014-ന് നടന്ന |

ഡി.എൽ.പി.സി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28.05.2015-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഓർഡർ ഇറങ്ങിയതും ആണ്. എന്നാൽ സമയ ബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവ ആയ സാഹചര്യത്തിൽ 2013-ലെ പുതിയ എൽ.എ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ 15.12.2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പാലം 30m -ന്റെ സിംഗിൾ സ്പാൻ പാലമാണ്, ആയതിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിലേയ്ക്കായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്.

**2. മധുപാലം-_കരുമം-_തിരുവല്ലം റോഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം.**

ഈ പദ്ധതിയ്ക്ക് 30.05.2013-ൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് (എ.ഡി.എഫ്) നിന്നും G.O.(Rt)No.733/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവല്ലം - നേമം വില്ലേജുകളിലായി 50.28 സെന്റ് സ്വകാര്യഭൂമി ടി പ്രവൃത്തിയ്ക്കായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റിക്വിസിഷൻ 13.08.2015-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്കുവേണ്ട സ്ഥലം ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി റദ്ദുചെയ്യണമെന്ന മുൻ എം.എൽ.എ ശ്രീ. വി.ശിവൻകുട്ടിയുടെ 10.12.2015-ലെ അപേക്ഷ പ്രകാരം 30.10.2016-ലെ G.O(Rt)No. 1495/2016/PWD ഉത്തരവ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദുചെയ്തു.

**3. പള്ളത്തുകടവ് പാലം**

കരമനയാറിനു കുറുകെ പള്ളത്തുകടവിൽ 22.32m -ന്റെ 3 സ്പാനുകളോട് കൂടിയ പാലം. ഈ പദ്ധതിയ്ക്ക് 14.08.2010-ലെ G.O(Rt)No. 1185/2009/PWD പ്രകാരം 850 ലക്ഷം

രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റിക്വിസിഷൻ 12.08.2011-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഡി.എൽ.പി.സി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 04.02.2016-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഓർഡർ ഇറങ്ങി. ഉഭയ കക്ഷി സമ്മത പ്രകാരം സ്വകാര്യ വ്യക്തിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**4. മുടവൻമുഗൾ പാലം.**

തിരുവനന്തപുരം ജില്ലയിലെ മലമേൽകുന്ന് മുടവൻമുഗൾ പാലം നിർമ്മാണത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി 2017-18 ബഡ്ജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ഉൾപ്പെട്ടു വന്നിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 350 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള അപേക്ഷ 25.11.2017-ലെ CE/R&B/4486/2013/TVM നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാകുകയും ആയത് പരിശോധിച്ച് പാലത്തിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ നൽകുവാൻ CE(R&B) യോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഭരണാനുമതി നൽകിയ ശേഷം പ്രസ്തുത പ്രവൃത്തിക്കു ആവശ്യമായ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുവേണ്ടി റവന്യൂ വകുപ്പിനോട് ആവശ്യപ്പെടേണ്ടതുണ്ട്.

**5. പനത്തുറ പാലം**

തിരുവല്ലവും പനത്തുറ തോട്ടമുക്ക് ദ്വീപും തമ്മിൽ ബന്ധിപ്പിക്കുന്ന 22.32 മീറ്ററിന്റെ 5 സ്പാനുകളോട് കൂടിയ പാലം. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനു വേണ്ടി 11 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിലേയ്ക്ക് 27.06.2013-ൽ

ലഭ്യമായിരുന്നു. ആയതു പരിശോധനക്കുശേഷം ബഡ്ജറ്റ് പ്രൊവിഷനിൽ ആവശ്യത്തിനുള്ള തുകയില്ല എന്ന കാരണത്താൽ എസ്റ്റിമേറ്റ് തിരിച്ചയച്ചു. പ്രസ്തുത പദ്ധതി അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**6. തിരുവല്ലം - ഇടയാർ പാലം**

ടി പാലം പണി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി പ്രൊപ്പോസൽ ഡിസൈൻ രൂപരേഖ തയ്യാറായിട്ടുണ്ട്.

**7. കീഴാറന്നൂർ പാലം**

ഈ പാലം പണി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ഡിസൈൻ ലഭിയ്ക്കുന്നതിലേയ്ക്കായി പി.ഡബ്ല്യൂ.ഡി ഡിസൈൻ വിംങ്ങിന് കൈമാറിയിട്ടുണ്ട്.

**8. മാങ്ങോട്ടുകടവ് സ്റ്റീൽ പാലം.**

നിലവിലുള്ള മാങ്ങോട്ടുകടവ് സ്റ്റീൽ പാലം വീതി കൂട്ടി പുനർ നിർമ്മിക്കുന്നതിനായി എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് (എ.ഡി.എഫ്) ൽ നിന്നും G.O.(Rt)No.481/2016/PWD ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി പുനർ നിർമ്മിക്കുന്നതിനായി Kerala Electrical &Allied Engineering Company Ltd നെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച ഡിസൈൻ നിലവിലുള്ള ഐ.ആർ.സി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ഡിസൈൻ നവീകരിക്കാൻ നിർദ്ദേശിക്കുകയും അതനുസരിച്ച് കെ.ഇ.എൽ സമർപ്പിച്ച പുതുക്കിയ ഡിസൈൻ പി.ഡബ്ല്യൂ.ഡി ഡിസൈൻ വിംങ്ങിൽ പരിശോധിച്ചുവരുന്നു.

S. Bindu

സെക്ഷൻ ഓഫീസർ